(സി) സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പട്ടികവർഗ്ഗ യുവജനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ നടത്തിയിട്ടുള്ള അവലോകന യോഗങ്ങളിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ കാര്യക്ഷമമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകി യിട്ടുണ്ട്. 6-6-2013-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയും ഗ്രാമ വികസന വകുപ്പുമന്ത്രിയും തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയും അട്ടപ്പാടി സന്ദർശിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് 10-11-2014, 11-11-2014 തീയതികളിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വീണ്ടും അട്ടപ്പാടി സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി. കൂടാതെ സംസ്ഥാനതലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഉപാധ്യക്ഷനായുള്ള സമിതി 8-10-2013, 19-2-2014, 13-6-2014 തീയതികളിൽ യോഗം ചേർന്ന് അട്ടപ്പാടിയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനം പട്ടികവർഗ്ഗക്കാരുടെ സ്ഥായിയായ വികസനത്തിനുള്ള മാർഗ്ഗനിർദ്ദേശം എന്നിവ സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു.

(ഡി) പ്രഖ്യാപിച്ച പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നുണ്ട്.

കേടായ സി.എഫ്.എൽ./എൽ.ഇ.ഡി. ലൈറ്റുകളുടെ നിർമ്മാർജ്ജനം

29(*59) ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് :

ശ്രീ. പി. സി. ജോർജ് :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേടായ സി. എഫ്. എൽ./എൽ./ഇ.ഡി. ലൈറ്റുകളുടെ നിർമ്മാർജ്ജനം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഐ. ആർ. ജി. സിസ്റ്റംസ് സൗത്ത് ഏഷ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയത് എന്നാണ്; പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) സർക്കാർതലത്തിലോ ഇതര ഏജൻസികൾ മുഖാന്തിരമോ ഇവയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 15-3-2014-ലാണ് സി.എഫ്.എൽ/എൽ.ഇ.ഡി. ലൈറ്റുകളുടെ നിർമ്മാർജ്ജനം സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഐ.ആർ.ജി. സിസ്റ്റംസ് സൗത്ത് ഏഷ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയത്. അനുമതി കത്ത് പ്രകാരം 3 മാസത്തിനകം റിപ്പോർട്ട് നൽകണം എന്ന് വ്യവസ്ഥ ചെയ്തിരുന്നു. പഠന സംബന്ധമായ പുരോഗതി റിപ്പോർട്ടുകൾ ഇ.എം.സി.-യിൽ സമർപ്പിച്ചിട്ടുണ്ട്. മഴ കാരണം ഫീൽഡ് സർവ്വേ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടതുകൊണ്ട് അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ കൂടുതൽ സമയം അനുവദിക്കണമെന്ന ഐ.ആർ.ജി. സിസ്റ്റംസിന്റെ അപേക്ഷ പരിഗണിച്ച് റിപ്പോർട്ട് ഉടൻ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) മേൽ പഠന റിപ്പോർട്ട് പരിശോധിച്ചശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

ഖാദി ഉല്പന്ന വിപണന രംഗത്തെ നേട്ടങ്ങൾ

30(*60) ശ്രീ. കെ .ശിവദാസൻ നായർ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഉൽപ്പന്ന വിപണന രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുണ്ട് ;

(ബി) ഖാദി ഉല്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനമായി എത്ര രൂപ ലഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര ശതമാനം വർദ്ധനയാണ് വിപണന രംഗത്ത് ഉണ്ടായത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly